# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1146** **04.02.2019 ൽ മറുപടിക്ക്**

## ഒള്ളൂർ കടവ് പാലത്തിന്റെ നിർമ്മാണം

| ചോദ്യം<br>ശ്രീ.പുരുഷൻ കടലുണ്ടി | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| എ) ബാലുശ്ശേരി മണ്ഡലത്തെയും കൊയിലാണ്ടി മണ്ഡലത്തെയും ബന്ധിപ്പിക്കുന്ന ഒള്ളൂർ കടവ് പാലത്തിന്റെ നിർമ്മാണം അനിശ്ചിതമായിനീണ്ടു പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) പ്രസ്തുത നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടി ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ; | (ബി) ഒള്ളൂർ കടവ് പാലത്തിന്റെ നിർമ്മാണത്തിനായി ചെങ്ങോട് കാവ് ഭാഗത്തും ഉള്ള്യേരി ഭാഗത്തുമായി 1.4443 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ചെങ്ങോട്ട്കാവ് ഭാഗത്തെ അലൈൻമെന്റ് സ്റ്റോൺ സ്ഥാപിക്കൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഉള്ള്യേരി ഭാഗത്ത് ഭൂവുടമകളുടെ എതിർപ്പുമൂലം അലൈൻമെന്റ് സ്റ്റോൺ സ്ഥാപിക്കൽ പ്രവൃത്തിക്ക് കാലതാമസം നേരിട്ടിരുന്നെങ്കിലും ഇപ്പോൾ പ്രവൃത്തി പൂർത്തിയായിക്കൊണ്ടിരിക്കുന്നു. അലൈൻമെന്റ് സ്കെച്ച് എൽ.എ ഡിപ്പാർട്ട്മെന്റിലേക്ക് തുടർ നടപടികൾക്കായി സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| സി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം വേഗത്തിലാക്കാനുള്ള നടപടി സ്വീകരിക്കാമോ? | (സി) റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുക്കൽ പ്രവൃത്തി വേഗത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ